**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *98 29/09/2011-ലെ മറുപടിക്ക്

## സർവകലാശാല നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകപ്പ് മന്ത്രി). |
| എ) | സംസ്ഥാന സർവകലാശാല നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| ബി) | ആദ്യകാല സർവകലാശാല നിയമങ്ങളിലും സ്റ്റാറ്റ്യൂട്ടുകളിലും ചില താൽക്കാലിക ഭേദഗതികൾ ഇടയ്ക്കിടെ നടത്തിയിട്ടുണ്ടെങ്കിലും കാലാനുസൃതമായ സമഗ്ര പരിഷ്കരണം ഉണ്ടായിട്ടില്ലെന്ന കാര്യം അറിവുണ്ടോ; | ഉണ്ട്. |
| സി) | ഇതു മൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാരത്തകർച്ച ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | ഉണ്ട്. |
| ഡി) | വേണ്ടത്ര അവധാനതയോടെ പഠനം നടത്തിയ ശേഷം മെഡിക്കൽ, ഫിഷറീസ് എന്നീ യൂണിവേഴ്സിറ്റി നിയമങ്ങൾ തയ്യാറാക്കാത്തതുമൂലം സ്പെഷ്യലൈസ്ഡ് പഠന മേഖലയിൽ ആധുനിക ആവശ്യങ്ങൾക്കനുസരണമായ സൗകര്യങ്ങൾ ഏർ പ്പെടുത്താൻ കഴിയാതെ വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | സർക്കാരിന്റെ പരിഗണനയിലാണ് |

| | | |
|---|---|---|
| ഇ) | സംസ്ഥാനത്തെ കാലഹരണപ്പെട്ട യൂണിവേഴ്സിറ്റി നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരവും കാലാനുസൃതവുമായ മാറ്റം ഉണ്ടാക്കാൻ ഉതകും വിധം സമഗ്ര പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് അഭിപ്രായ രൂപീകരണം നടത്തുന്നതിനും തദനുസൃത നിയമ നിർമ്മാണത്തിനും നടപടി സ്വീകരിക്കുമോ? | കേരളത്തിലെ സർവകലാശാല ആക്ടുകൾ പുനരവലോകനം ചെയ്യുന്നതിന് കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച സമിതിയിലെ അംഗമായ ഡോ. എൻ.കെ. ജയകുമാർ തയ്യാറാക്കിയ സമഗ്രമായ കുറിപ്പിന്റെ സഹായത്തോടെ വിവിധ സർവകലാശാലകളുടെ നിലവിലുള്ള ആക്ടുകൾ അനന്തകൃഷ്ണൻ കമ്മിറ്റി വിശദമായി വിലയിരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കരട് റിപ്പോർട്ട് തയ്യാറാക്കുകയും അത് പ്രതികരണങ്ങൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപക ജീവനക്കാർ, സ്വകാര്യ, എയ്ഡഡ് കോളേജ് മാനേജർമാർ എന്നിവരുടെ പ്രതിനിധികളുമായും മറ്റു വിദ്യാഭ്യാസ-വിചക്ഷണൻമാരുമായും ചർച്ചകൾ നടത്തി പരമാവധി അഭിപ്രായ സമന്വയമുള്ള ഒരു അന്തിമ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ടിൻ മേൽ വിശദമായ പരിശോധനയ്ക്ക് ശേഷമേ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ